# സെന്റ് ബനഡിക്റ്റ്സ് എൽ.പി.സ്കൂൾ സ്ലീവാമല

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ആമുഖം

ആഗ്രഹമാണ് സൃഷ്ടിയുടെമാതാവ്. സ്വപ്നം കാണാൻ കഴിയുന്നവർക്കേ വിജയത്തിലെത്താൻ സാധിക്കുകയുള്ളു.സ്ലീവാമല സെന്റ് ബനഡിക്ട് എൽ.പി.സ്കൂൾ വികസനത്തിന്റെ നല്ല നാളുകൾ സ്വപ്നം കാണുകയും അടുത്ത അഞ്ചു വർഷംകൊണ്ട് അക്കാദമിക, ഭൗതിക, സാമൂഹിക മേഖലകളിൽ വരുത്തുവാനുദ്ദേശിക്കുന്ന വിവിധ പദ്ധതികളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്യുന്നു. ബഹു. കേരളസർക്കാർ, വൈദ്യുതിവകുപ്പ്മന്ത്രിയും സ്ഥലം എം.എൽ.എയുമായ ശ്രീ.എം.എം.മണി, ശ്രീ ജോയ്സ്ജോർജ്ജ് എം.പി മറ്റുജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൽ, സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, പൂർവ്വവിദ്യാർത്ഥികൾ, സംഘടനകൾ, പൂർവ്വ അധ്യാപകർ, എസ്.എസ്.എ, രക്ഷിതാക്കൾ, നാട്ടുകാർ, മാനേജ്മെന്റ് എന്നിങ്ങനെ വിവിധ ഏജൻസികളുടെ സഹകരണത്തോടെ ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

യാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഈ പ്രദേശത്തുനിന്ന് കൊച്ചുകുട്ടികൾപോലും കിലോമീറ്ററുകൾ കാൽനടയായി യാത്രചെയ്താണ് പ്രാഥമിവിദ്യാഭ്യാസംപോലും നേടിയിരുന്നത്. ഈ അവസ്ഥ മനസിലാക്കി അന്നത്തെ സ്ലീവാമല പള്ളിവികാരിയായിരുന്ന ബഹു.ജോസ് പറയംനിലം അച്ചനും ബഹു.ജയിംസ് വടക്കേൽ അച്ചനും ഒരു അൺഎയ്ഡഡ് സ്കൂൾ തുടങ്ങാൻ തീരുമാനിച്ചു. അതനുസരിച്ച് 1972-ൽ പള്ളിയിൽത്തന്നെ ഒന്നം ക്ലാസ് ആരംഭിക്കുകയും ചെയ്തു.

സ്ഥലം കണ്ടെത്തൽ

1973-ൽ ശ്രീ.ദേവസ്യ കാര്യാങ്കൽ നൽകിയ സ്ഥലത്ത് 60 അടി കെട്ടിടം നിർമ്മിച്ചു. 1979വരെ ഈ കെട്ടിടത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസുകൾ അൺഎയിഡഡ് ആയി നടത്തിപ്പോന്നു.സ്കൂൾ കെട്ടിടത്തിന്റെ ചെലവിനായി പൊത്തക്കള്ളിയിൽ ശ്രീ. രാജഗോപാൽ എന്നയാൾ സാമ്പത്തികസഹായം നൽകുകയും ചെയ്തു.രാമദാസ് മെമ്മോറിയൽ സ്കൂൾ എന്ന പേരിൽ ആയിരുന്നു അന്ന് സ്കൂൾ പ്രവർച്ചിരുന്നത്.

1979-ലെ ഈ സ്കൂൾ എയിഡഡ് സ്കൂൾ ആക്കുന്നതിനുള്ള അപേക്ഷ കൊടുക്കുകയും അങ്ങനെ 1979 ജൂൺമാസം 20-ാം തീയതി സെന്റ്ബനഡിക്ട് എൽ.പി.സ്കൂൾ എന്ന പേരിൽ എയിഡഡ് സ്കൂളാക്കി. ഒന്നാം ക്ലാസിൽ രണ്ട്

ഡിവിഷനും രണ്ട് അധ്യാപകരുമായി പ്രവർത്തനം ആരംഭിച്ചു. പുതിയ സ്കൂളിനാവശ്യമായ 128 അടി കെട്ടിടം ബഹുമാനപ്പെട്ട ജോമ് കൊച്ചുമുട്ടത്തച്ചന്റെ കാലത്ത് പണിയുകയും കുട്ടികൾക്ക് കുടിവെള്ളത്തിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

പ്രഥമ അധ്യാപകൻ

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
2. കുട്ടികളുടെ സർഗപരവും അക്കാദമിക പരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സമൂഹത്തിൽ ശ്രദ്ധേയരായ പൗരന്മാരാക്കുക.
3. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
4. ഈ അക്കാദമിക വർഷാവസാനത്തിനുമുമ്പ് സ്കൂൾ കാമ്പസിനെ പൂർണമായ പ്ലാസ്റ്റിക് മുക്തമാക്കും.
5. മദ്യം, മയക്കുമരുന്ന്, പുകയില മുക്തക്യാമ്പസാക്കും
6. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കും
7. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുമുള്ള സാഹചര്യമൊരുക്കും.
8. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേകപരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ വിദ്യാലയഅന്തരീക്ഷം ഒരുക്കും.
9. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാൻ വരുതലമുറയ്ക്ക് വേണ്ടിയും ഭൂമിയെ കാത്തുസൂക്ഷിക്കേണ്ടതാണെന്ന അവബോധം വളർത്താനും ശ്രമിക്കും.

## മികവുകൾ പരിമിതികൾ

### അക്കാദമികം - മികവ്

സ്ഥിരനിയമനം ലഭിച്ച നാല് അധ്യാപകർ സ്കൂളിൽ സേവനം ചെയ്യുന്നു. 33 ആൺകുട്ടികളും 28 പെൺകുട്ടികളുമാണ് 2017-18 അധ്യയന വർഷം സ്കൂളിൽ പഠിക്കുന്നത്. പഠനത്തിൽ മികവു പുലർത്തുന്ന കുട്ടികളാണ് ഭൂരിഭാഗവും. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ സബ് ജില്ലാ, ജില്ലാ തലങ്ങളിൽ മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയികളാവുകയും ചെയ്യുന്നു.

### ഭൗതീകം - മികവ്

ഓടുമേഞ്ഞ കൽഭിത്തിയോടുകൂടിയ 8 ക്ലാസു മുറികൾ സ്കൂളിനുണ്ട്. കൂടാതെ ഓഫീസ് മുറിയും ചെറിയ ഒരു കമ്പ്യൂട്ടർ മുറിയും ഉണ്ട്. അടുക്കളയും അതിനോട് ചേർന്ന് കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനുള്ള ഊട്ടുപുരയും ഉണ്ട്.

ടൈൽ പാകിയ യൂറിനലും പഴയ രീതിയിലുള്ള രണ്ട് ടോയ്‌ലറ്റുകളും കുട്ടികളുടെ ഉപയോഗത്തിനായി ലഭ്യമാണ്. കടുത്ത വേനലിലും സമൃദ്ധമായി കുടിവെള്ളം ലഭിക്കുന്ന കുഴൽക്കിണർ സ്കൂൾ കോമ്പൗണ്ടിൽ ഉണ്ട്. പണി പൂർത്തിയാകാത്തതാണെങ്കിലും വിശാലമായ കളിസ്ഥലം സ്കൂളിനോട് ചേർന്ന് ഉണ്ട്.

**പരിമിതികൾ - അക്കാദമികം**

ലൈബ്രറി - കുറേയധികം പുസ്തകങ്ങൾ ലഭ്യമാണെങ്കിലും കുട്ടികൾക്ക് എളുപ്പത്തിൽ കണ്ടെത്താനാവുന്ന വിധത്തിൽ ക്രമീകരിക്കാനുള്ള സൗകര്യം ലൈബ്രറിയിൽ ഇല്ല. ലൈബ്രറിക്കായി വലിയ ഒരു മുറിയും ആവശ്യത്തിന് ഷെൽഫുകളും റാക്കുകളും ഉണ്ടാകേണ്ടതുണ്ട്.

**കമ്പ്യൂട്ടർ റൂം**

വളരെ ഇടുങ്ങിയ ഒരു മുറിയിലാണ് കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നത്. കുട്ടികളുടെ എണ്ണത്തിനാനുപാതികമായി കമ്പ്യൂട്ടറുകളും മേശകളും വലിയ മുറിയും സജ്ജീകരിക്കേണ്ടതുണ്ട്. എല്ലാ ക്ലാസ്സുകളിലും ലാപ്ടോപ്പും പ്രോജക്ടുകളും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്.

**ഭൗതികം**

ക്ലാസ് മുറികളുടെ തറ ടൈൽ പാകിയതല്ല. അതുപോലെ ഓരോ ക്ലാസുമുറിയും തമ്മിൽ വേർതിരിക്കുന്നത് സ്ക്രീനുകൾ ഉപയോഗിച്ചാണ്. അതിനാൽ പഠനോപകരണങ്ങളും പഠനോൽപന്നങ്ങളും വേണ്ട വിധം ക്രമീകരിക്കുവാൻ വൈഷമ്യം നേരിടുന്നു.

**സ്കൂൾ ബസ്**

കുട്ടികളുടെ യാത്രാ സുരക്ഷിതത്വം രക്ഷിതാക്കളുടെ ഒരു വലിയ പ്രശ്നമാണ്. വാഹനസൗകര്യം ഉണ്ടെങ്കിൽ മാത്രമേ കുട്ടികളെ സ്കൂളിലേയ്ക്ക് വിടുകയുള്ളു. സ്കൂൾ ബസ് ഇല്ലാത്തത് ഒരു പരിമിതിയാണ്.

**ടോയ്‌ലറ്റ്**

നിലവിലുള്ള രണ്ടു ടോയ്‌ലറ്റുകളും പ്രവർത്തനക്ഷമമാണെങ്കിലും ആധുനിക കാലത്തിന് യോജിച്ചവയല്ല. വൃത്തിയുള്ള ഭംഗിയുള്ള സൗകര്യങ്ങൾ ഉള്ള ടോയ്‌ലറ്റുകൾ ഉണ്ടാക്കേണ്ടതുണ്ട്.

കിരണം

Happyminds club

# ഭാഷ

**പ്രവർത്തനം - 1**

| | | |
|---|---|---|
| പേര് | : | **നിഘണ്ടുനിർമ്മാണം** |
| ഉപമേഖല | : | അക്കാദമികം-ഭാഷാശേഷി വികാസം |
| ലക്ഷ്യം | : | ആർജിതപദങ്ങൾ അക്ഷരമാലാക്രമത്തിലാക്കി നിഘണ്ടുരൂപപ്പെടുത്തൽ പിന്നീട് പഠനസാമഗ്രിയായി ഉപയോഗിക്കൽ |
| പ്രവർത്തനങ്ങൾ | : | കുട്ടികൾ ആർജിതപദങ്ങൾ അക്ഷരമാലാ ക്രമത്തിലാക്കി നിഘണ്ടു രൂപപ്പെടുത്തൽ. പിന്നീട് പഠന സാമഗ്രിയായി ഉപയോഗിക്കൽ |
| കാലം | : | വർഷത്തിലൊരിക്കൽ |
| ചുമതല | : | ക്ലാസ്ടീച്ചറിന് |

സാമ്പത്തിക വിശകലനം: 200/- എസ്.എസ്.എ

**പ്രവർത്തനം 2**

| | | |
|---|---|---|
| പേര് | : | **വിവരണം തയ്യാറാക്കൽ** |
| ഉപമേഖല | : | അക്കാദമികം-ഭാഷാശേഷി വികാസം |
| ലക്ഷ്യം | : | സർഗാത്മകരചനയ്ക്കുള്ള അവസരം സൃഷ്ടിക്കൽ |
| പ്രവർത്തനങ്ങൾ | : | പൂന്തോട്ടം, ഇഷ്ടപ്പെട്ട ആഹാരം, കളി, നാട് വിവിധ ആശയങ്ങളെക്കുറിച്ച് വിവരണം തയ്യാറാക്കൽ |
| കാലം | : | പ്രതിമാസം |
| ചുമതല | : | ക്ലാസ്ടീച്ചറിന് |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 3**

| | | |
|---|---|---|
| പേര് | : | **വരികൾ കൂട്ടിച്ചേർക്കാം** |
| ഉപമേഖല | : | അക്കാദമികം-ഭാഷാശേഷി വികാസം |
| ലക്ഷ്യം | : | സർഗാത്മകരചനയ്ക്കുള്ള അവസരം സൃഷ്ടിക്കൽ |
| പ്രവർത്തനങ്ങൾ | : | കവിതകൾ ചൊല്ലി രസിക്കുന്നു. ആശയത്തുടർച്ചയോടെ വരികൾ കൂട്ടിച്ചേർത്ത് കവിത പൂർത്തിയാക്കൽ |
| കാലം | : | പ്രതിമാസം |
| ചുമതല | : | ക്ലാസ്ടീച്ചർ |

സാമ്പത്തിക വിശകലനം:

പ്രവർത്തനം 4

പേര് : **കടങ്കഥാ നിർമ്മാണം**
ഉപമേഖല : അക്കാദമികം-ഭാഷാശേഷി വികാസം
ലക്ഷ്യം : ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള ശേഷി നേടുക.
പ്രവർത്തനങ്ങൾ : കടങ്കഥകൾ വായിക്കൽ. കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തൽ, പുതിയ കടങ്കഥകൾ രൂപീകരിക്കൽ
ചുമതല : ക്ലാസ്ടീച്ചർ
കാലം : പ്രതിമാസം
സാമ്പത്തിക വിശകലനം

പ്രവർത്തനം 5

പേര് : **പതിപ്പ് തയ്യാറാക്കൽ**
ലക്ഷ്യം : സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കൽ
പ്രവർത്തനങ്ങൾ : കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി(കഥ, കവിത, ചിത്രം ......) വിവിധ പതിപ്പുകൾ തയ്യാറാക്കൽ
ചുമതല : ക്ലാസ്ടീച്ചർ
കാലം : പ്രതിമാസം
സാമ്പത്തിക വിശകലനം

പ്രവർത്തനം 6

പേര് : **ഡയറിക്കുറിപ്പ്**
ഉപമേഖല : അക്കാദമികം-ഭാഷാവികസനം
ലക്ഷ്യം : ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുനേടൽ
പ്രവർത്തനങ്ങൾ : കുട്ടികൾ തങ്ങളുടെ അനുഭവങ്ങൾ ചേർത്ത് ഡയറിക്കുറിപ്പ് തയ്യാറാക്കൽ
ചുമതല : ക്ലാസ്ടീച്ചർ
കാലം : പ്രതിമാസം
സാമ്പത്തിക വിശകലനം :

പ്രവർത്തനം 7

പേര് : **കത്ത് തയ്യാറാക്കൽ**
ഉപമേഖല : അക്കാദമികം-ഭാഷാശേഷി വികസനം
ലക്ഷ്യം : ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുനേടൽ
പ്രവർത്തനങ്ങൾ : പ്രധാന ആഘോഷങ്ങളോടനുബന്ധിച്ച് ആശംസാകാർഡുകൾ തയ്യാറാക്കി അയയ്ക്കൽ
കാലയളവ് : വർഷത്തിൽ മൂന്നുതവണ
ചുമതല : ക്ലാസ്ടീച്ചർ
സാമ്പത്തിക വിശകലനം : എസ്.എസ്.എ

പ്രവർത്തനം 8

പേര് : **സംഭാഷണം തയ്യാറാക്കൽ**
ഉപമേഖല : അക്കാദമികം-ഭാഷാശേഷി വികസനം
ലക്ഷ്യം : എല്ലാ കുട്ടികൾക്കും ഓരോ പ്രായത്തിനും അനയോജ്യമായ വിധം മികച്ചനിലയിൽ ആശയവിനി മയം നടത്തുന്നതിനുള്ള ശേഷി നേടുക.
പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട് ആശയത്തുടർച്ചയോടെ സംഭാഷണങ്ങൾ രചിക്കുകയും അവതരിപ്പിക്കുകയും ചെയ്യൽ.
ചുമതല : ക്ലാസ്ടീച്ചർ
കാലയളവ് : പ്രതിമാസം
സാമ്പത്തിക വിശകലനം :

പ്രവർത്തനം 9

പേര് : **കഥയെഴുതൽ**
ഉപമേഖല : അക്കാദമികം-ഭാഷാശേഷി വികാസം
ലക്ഷ്യം : സർഗ്ഗാത്മകരചനയ്ക്കുള്ള അവസരം സൃഷ്ടിക്കൽ
പ്രവർത്തനങ്ങൾ : കഥാചിത്രങ്ങൾ നിരീക്ഷിച്ച് ആശയക്രമത്തോടെ കഥയെഴുതൽ, കഥയുടെ തുടർച്ച തന്റേതായ രീതിയൽ ഭാവനയോടെ എഴുതൽ.
കാലയളവ് : പ്രതിമാസം
ചുമതല : ക്ലാസ്ടീച്ചർ
സാമ്പത്തികവിശകലനം :

പ്രവർത്തനം 10

പേര് : **പോസ്റ്റർ നിർമ്മാണം**
ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം
ലക്ഷ്യം : ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുനേടുക
പ്രവർത്തനങ്ങൾ : വനസംരക്ഷണം, മണ്ണുസംരക്ഷണം, ജലസംരക്ഷണം, ശുചിത്വം, ദിനാചരണങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം നടത്തൽ.
ചുമതല : ക്ലാസ് ടീച്ചർ, ക്ലബ്ബുകൾ
കാലയളവ് : 2 മാസത്തിലൊരിക്കൽ
സാമ്പത്തിക വിശകലനം : എസ്.എസ്.എ

പ്രവർത്തനം 11

പേര് : **പത്രവായന**
ഉപമേഖല : അക്കാദമികം- ഭാഷാശേഷിവികാസം

ലക്ഷ്യം : ഭാഷാശേഷി വികസനത്തിനായി ആധുനിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക

പ്രവർത്തനങ്ങൾ : സ്കൂൾ അസംബ്ലിയോടനുബന്ധിച്ച് എല്ലാ ദിവസവും കുട്ടികൾ പത്രവാർത്തകൾ വായിക്കൽ. പ്രധാനവാർത്തകൾ വാർത്താ ബോർഡിൽ വായനയ്ക്കായി എഴുതി പ്രദർശിപ്പിക്കൽ

ചുമതല : ക്ലാസ്ടീച്ചർ, വിദ്യാരംഗം ക്ലബ്ബ്

കാലയളവ് : പ്രതിദിനം

സാമ്പത്തിക വിശകലനം : പി.റ്റി.എ

---

**പ്രവർത്തനം 12**

**പേര് : ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുനേടുക, ഭാഷാശേഷി വികാസത്തിനായിആധുനിക സാങ്കേതിക വിദ്യഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ മഹത്വ്യക്തികളുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ

കാലയളവ് : വർഷത്തിൽ രണ്ടുപ്രാവശ്യം

ചുമതല : ക്ലാസ്ടീച്ചറിന്

സാമ്പത്തിക വിശകലനം :

---

**പ്രവർത്തനം 13**

**പേര് : ശേഖരണം**

ഉപമേഖല : അക്കാദമികം-ഭാഷാശേഷികളുടെ വികാസം

ലക്ഷ്യം : പഠനസാമഗ്രികളുടെ ശേഖരണം

പ്രവർത്തനങ്ങൾ : കഥകൾ, ഓണക്കവിതകൾ, പഴഞ്ചൊല്ലുകൾ, വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, സ്നേഹവചനങ്ങൾ, കടങ്കഥകൾ തുടങ്ങി പഠനസഹായസാമഗ്രികൾ ശേഖരിക്കൽ

കാലയളവ് : പ്രതിമാസം

ചുമതല : ക്ലാസ്ടീച്ചറിന്

സാമ്പത്തിക വിശകലനം

---

**പ്രവർത്തനം 14**

**പേര് : നിർമ്മാണപ്രവർത്തനങ്ങൾ**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : പഠനസാമഗ്രികളുടെ നിർമ്മാണത്തിന്

പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട് പഠനസാമഗ്രികളായ വീട്, പട്ടം, ചെണ്ട, തൂവാലയണ്ണാൻ, മുഖംമൂടി, പൂമ്പാറ്റകൾ, കൊളാഷ്, കളിപ്പന്തൽ, തോണി, മൈദരൂപങ്ങൾ, കളിപ്പാട്ടങ്ങൾ, കട്ടൗട്ടുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിലേർപ്പെടൽ

കാലയളവ് : പ്രതിമാസം

ചുമതല : ക്ലാസ്ടീച്ചറിന്

സാമ്പത്തിക വിശകലനം : എസ്.എസ്.എ

---

**പ്രവർത്തനം 15**

**പേര് : കവിതാലാപനം**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : കവിതകൾ ഒറ്റയ്ക്കും സംഘമായും ആലപിക്കൽ

പ്രവർത്തനങ്ങൾ : കവിതകൾക്ക് ഈണം കണ്ടെത്തൽ, കവിതകൾ ഒറ്റയ്ക്കും സംഘമായും ആലപിക്കൽ

കാലയളവ് : പ്രതിമാസം

സാമ്പത്തിക വിശകലനം

---

**പ്രവർത്തനം 16**

**പേര് : മേനിപറച്ചിൽ**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : ആശയങ്ങളെ വിവിധ തരത്തിൽ ആവിഷ്കരിക്കുക

പ്രവർത്തനങ്ങൾ : വാർത്താവിനിമയമാർഗ്ഗങ്ങൾ, ജീവികൾ തുടങ്ങിയവയുടെ സവിശേഷതകൾ സ്വന്തമായി മേനിപറച്ചിൽ രൂപത്തിൽ അഭിനയിച്ച് അവതരിപ്പിക്കുന്നു, എഴുതുന്നു.

കാലയളവ് : വർഷത്തിൽ ഒന്ന്

ചുമതല : ക്ലാസ്ടീച്ചർ

സാമ്പത്തിക വിശകലനം

---

**പ്രവർത്തനം 17**

**പേര് : അറിയിപ്പ് ബോർഡുകൾ**

ഉപമേഖല : അക്കാദമികം-ഭാഷാവികാസം

ലക്ഷ്യം : ആശയങ്ങളെ വ്യത്യസ്തരീതിയിൽ ആവിഷ്കരിക്കുന്നതിന് കഴിവുനേടുക.

പ്രവർത്തനങ്ങൾ : ടോയ്ലറ്റ്, പൈപ്പ്, അടുക്കള, ഡൈനിംഗ്ഹാൾ, പൂന്തോട്ടം, ക്ലാസ്മുറികൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ശ്രദ്ധിക്കേണ്ട വിവരങ്ങൾ അറിയിപ്പ് ബോർഡുകളായി തയ്യാറാക്കി സ്ഥാപിക്കൽ.

കാലയളവ് : വർഷത്തിലൊരിക്കൽ

ചുമതല : ക്ലാസ്ടീച്ചർ

സാമ്പത്തിക വിശകലനം

**പ്രവർത്തനം 18**

പേര് : **ആത്മകഥ എഴുതൽ**

ഉപമേഖല : അക്കാദമികം- ഭാഷാശേഷിവികാസം

ലക്ഷ്യം : ആശയങ്ങളെ വ്യത്യസ്തരീതിയിൽ ആവിഷ്കരിക്കുന്നതിന് കഴിവുനേടുക.

പ്രവർത്തനങ്ങൾ : മൃഗങ്ങൾ, പക്ഷികൾ, മരങ്ങൾ ഉപകരണങ്ങൾ തുടങ്ങിയവയുടെ ആത്മകഥ തയ്യാറാക്കൽ

ചുമതല : ക്ലാസ്ടീച്ചർ

കാലയളവ് : വർഷത്തിൽ നാലുതവണ

സാമ്പത്തികവിശകലനം

**പ്രവർത്തനം 19**

പേര് : **പത്രവാർത്ത തയ്യാറാക്കൽ**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട് വ്യത്യസ്തആശയങ്ങളെ പത്രവാർത്തയായി തയ്യാറാക്കുന്നു.

കാലയളവ് : വർഷത്തിൽ രണ്ടുതവണ

ചുമതല : ക്ലാസ്ടീച്ചർ

സാമ്പത്തിക വിശകലനം

**പ്രവർത്തനം 20**

പേര് : **വായനാകാർഡ് നിർമ്മാണം**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക.

പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തി വായനാകാർഡുകൾ കുട്ടികൾ നിർമ്മിക്കുന്നു. വായനയ്ക്കായി ഇത് ക്ലാസിൽ പ്രദർശിപ്പിക്കുന്നു.

ചുമതല : ക്ലാസ്ടീച്ചർ

കാലയളവ് : പ്രതിമാസം

സാമ്പത്തികസ്രോതസ്സ് : എസ്.എസ്.എ

**പ്രവർത്തനം 21**

പേര് : **ക്ലാസ് ലൈബ്രറി**

ഉപമേഖല : അക്കാദമികം - ഭാഷാശേഷി വികാസം

ലക്ഷ്യം : എല്ലാ കുട്ടികളും അർഥപൂർണമായി വായിക്കുന്നു എന്നുറപ്പുവരുത്തുക

പ്രവർത്തനങ്ങൾ : വായനാപരിപോഷണത്തിന്റെ ഭാഗമായി ഓരോ ക്ലാസ്സിലും കുട്ടികൾക്ക് സ്വതന്ത്രമായി കൈകാര്യം ചെയ്യാനും വായിക്കാനും കുറിപ്പുകൾ തയ്യാറാക്കുവാനും കഴിയുന്ന തരത്തിൽ കുട്ടി പുസ്തകശാലകൾ ഉണ്ടാക്കുന്നു. പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പുകൾ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

ചുമതല : ക്ലാസ് ടീച്ചർ എസ്.എസ്.എ

കാലയളവ് : മൂന്നുവർഷം പ്രതിദിനം

സാമ്പത്തിക വിശകലനം : എസ്.എസ്.എ

**പ്രവർത്തനം 22**

പേര് : **ദൃക്സാക്ഷി വിവരണം**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുക

പ്രവർത്തനങ്ങൾ : വള്ളംകളിയെക്കുറിച്ചും മറ്റുകളികളെക്കുറിച്ചും തത്സമയ വിവരണം തയ്യാറാക്കൽ

ചുമതല : ക്ലാസ്ടീച്ചർ

കാലയളവ് : വർഷത്തിൽ രണ്ടുതവണ

സാമ്പത്തിക വിശകലനം:

**പ്രവർത്തനം -23**

പേര് : **നാടകക്കളരി**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റൽ

പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യരൂപത്തെ നാടകമാക്കി അവതരിപ്പിക്കൽ

കാലയളവ് : വർഷത്തിൽ മൂന്നുതവണ

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 24**

പേര് : **പുസ്തകശേഖരണം**

ഉപമേഖല : അക്കാദമികം-ഭാഷാശേഷികളുടെ വികാസം

ലക്ഷ്യം : ഗ്രന്ഥശാലാ ശാക്തീകരണം

പ്രവർത്തനങ്ങൾ : സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം സുഗമവും കാര്യക്ഷമവുമാക്കാൻ കുട്ടികൾ തങ്ങളുടെ ജൻമദിനം ആഘോഷിക്കുമ്പോൾ മിഠായി വാങ്ങി നൽകുന്നതിനുപകരം ഒരു പുസ്തകം വാങ്ങി സ്കൂളിനു നൽകുന്നു.മാതാപിതാക്കൾക്കും തങ്ങളുടെ ജൻമദിനത്തിലോ വിവാഹവാർഷികത്തിലോ ഓർമ്മയ്ക്കായി സ്കൂളിനു നൽകാവുന്നതാണ്.

ചുമതല :

കാലയളവ് : പ്രതിമാസം

സാമ്പത്തികസ്രോതസ്സ് - രക്ഷിതാക്കൾ

**പ്രവർത്തനം : 25**

**പേര്** : **കൈയെഴുത്തുമാസിക**

ലക്ഷ്യം : കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തുക

പ്രവർത്തനങ്ങൾ : വ്യത്യസ്ത ദിനാചരണങ്ങൾ, സ്കൂളിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി കുട്ടികൾ നിർമ്മിക്കുന്ന സൃഷ്ടികൾ ഉൾപ്പെടുത്തി കൈയെഴുത്തുമാസിക നിർമ്മിക്കൽ. പുനരുപയോഗത്തിനും വായനാപരിപോഷണത്തിനുമായി അവ സംരക്ഷിക്കുക.

ചുമതല : അധ്യാപകർ

കാലയളവ് : വർഷത്തിലൊന്ന്

സാമ്പത്തിക സ്രോതസ്സ് : പി.റ്റി.എ

**പ്രവർത്തനം : 26**

**പേര്** : **വായനാപ്രവർത്തനങ്ങൾ**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : എല്ലാ കുട്ടികളും അർഥപൂർണമായി വായിക്കുന്നു എന്നും ഉറപ്പുവരുത്തുക

പ്രവർത്തനങ്ങൾ : ചങ്ങലയായി വായന, വായനാവാരാചരണം, അയ്യോതെറ്റി വായന, വായിച്ച് ഉത്തരം കണ്ടെത്തൽ വായനാമത്സരങ്ങൾ തുടങ്ങിയ വായനാപ്രവർത്തനങ്ങൾ നൽകൽ.

കാലയളവ് : പ്രതിമാസം

ചുമതല : ക്ലാസ്ടീച്ചർ

സാമ്പത്തികസ്രോതസ്സ്

**പ്രവർത്തനം : 27**

**പേര്** : **ചിഹ്നങ്ങൾ ചേർത്ത് എഴുതാം.**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ എഴുതൽ.

പ്രവർത്തനങ്ങൾ : ചിഹ്നങ്ങളില്ലാതെ വാക്കുകൾ എഴുതി നൽകുന്നു. അത് വായിക്കുന്നു. ഉചിതമായ ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ എഴുതുന്നു വായിക്കുന്നു.

ചുമതല : ക്ലാസ്ടീച്ചർ

കാലയളവ് : പ്രതിമാസം

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 28**

**പേര്** : **പാചകക്കുറിപ്പ്**

ഉപമേഖല : അക്കാദമികം-ഭാഷാശേഷി വികാസം

ലക്ഷ്യം : ആശയങ്ങൾ വ്യത്യസ്തരീതിയിൽ ആവിഷ്കരിക്കുക

പ്രവർത്തനങ്ങൾ : അവൽ, സാമ്പാർ, തുടങ്ങിയ വ്യത്യസ്ത ആഹാരങ്ങളുണ്ടാക്കാൻ നിരീക്ഷിക്കൽ അവയുണ്ടാക്കുന്ന ചേരുവകൾ കണ്ടെത്തൽ പാചകക്കുറിപ്പുകൾ തയ്യാറാക്കൽ.

ചുമതല : ക്ലാസ്ടീച്ചർ

കാലയളവ് : വർഷത്തിലൊരിക്കൽ

സാമ്പത്തികവിശകലനം

**പ്രവർത്തനം 29**

**പേര്** : **തലക്കെട്ടുനൽകൽ**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : ആശയങ്ങൾ വ്യത്യസ്തരീതിയിൽ ആവിഷ്കരിക്കുക.

പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട സാഹിത്യസൃഷ്ടികൾക്ക് കുട്ടികൾ സ്വന്തമായി തയ്യാറാക്കിയ രചനകൾക്കും തലക്കെട്ടുനൽകുന്നു.

ചുമതല : ക്ലാസ്ടീച്ചർ

കാലയളവ് : പ്രതിമാസം

സാമ്പത്തികവിശകലനം :

**പ്രവർത്തനം 30**

**പേര്** : **ചിത്രം വരയ്ക്കൽ**

ഉപമേഖല : അക്കാദമികം-ഭാഷാശേഷിവികാസം

ലക്ഷ്യം : ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുക

പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട ആശയങ്ങൾ, കഥാപാത്രങ്ങൾ തുടങ്ങിയവയെ ചിത്രീകരിക്കൽ, നിറം നൽകി ഭംഗിയാക്കൽ

ചുമതല : ക്ലാസ്ടീച്ചർ

കാലയളവ് : പ്രതിമാസം

സാമ്പത്തിക വിശകലനം- എസ്.എസ്.എ

31. സർഗ്ഗാത്മക ഡയറി
32. സചിത്രബുക്ക്, സംയുക്ത ഡയറി.

കാവ്യോത്സവം.
Reader's theatre
കാവ്യാവിഷ്കാരം

**പ്രവർത്തനം 1**

പേര് : **പദപ്രശ്നം**

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം - അർത്ഥഗ്രഹണത്തോടെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും ശേഷി നേടുക

പ്രവർത്തനങ്ങൾ - പാഠഭാഗവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉപയോഗിച്ച് പദപ്രശ്നം ഉണ്ടാക്കുന്നു. ചാർട്ടിൽ വരച്ചിരിക്കുന്ന കളങ്ങളിൽ ഉത്തരം കണ്ടെത്തി പദപ്രശ്നം പൂരിപ്പിക്കുന്നു.

കാലം - പാഠവുമായി ബന്ധിപ്പിച്ച്

ചുമതല - ക്ലാസ്ടീച്ചർ

**പ്രവർത്തനം 2**

പേര് : **വരികൾ കൂട്ടിച്ചേർക്കാം**

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം - ഇംഗ്ലീഷ്ഭാഷയിലെ റിഥമിക് വാക്കുകൾ കണ്ടെത്തി ഭാഷാപോഷണം സാധ്യമാക്കുക.

പ്രവർത്തനങ്ങൾ - ക്ലാസ് നിലവാരമനുസരിച്ച് വർക്ക് ഷീറ്റുകൾ നൽകുന്നു. കൊടുത്തിരിക്കുന് വരികൾ ഈണത്തിൽ ചൊല്ലുന്നു. അതേ ഈണത്തിൽ കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു

കാലം - ഓരോ യൂണിറ്റിനും

ചുമതല - ക്ലാസ്ടീച്ചർ

**പ്രവർത്തനം 3**

പേര് : **ഞാനാര്?**

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം - വിവിധ പ്രസ്താവനകളിലൂടെ ഉദ്ദേശിക്കുന്ന വസ്തുവിനെ തിരിച്ചറിയുന്നു. സംസാരിക്കുവാനും ആശയം ഗ്രഹിക്കുന്നതിനുമുള്ള കഴിവ് നേടുക.

പ്രവർത്തനങ്ങൾ - വിവിധ ക്ലാസുകളുടെ നിലവാരമനുസരിച്ച് ഏതെങ്കിലും വസ്തുവിനെയോ ജീവിയെയോ കണ്ടെത്തുന്നതിനായി പ്രസ്താവനകൾ കുട്ടികൾ ഗ്രൂപ്പുകളായി കണ്ടെത്തുന്നു, ചോദിക്കുന്നു. മറ്റു ഗ്രൂപ്പുകൾ ഉത്തരം പറയുന്നു.

കാലം - എല്ലാ ദിവസവും

ചുമതല - ക്ലാസ്ടീച്ചർ

**പ്രവർത്തനം 4**

പേര് - **ഇംഗ്ലീഷ് ഭാഷാപഠനം**

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് കേൾക്കാനും സംസാരിക്കാനും ഇംഗ്ലീഷിൽ കാര്യങ്ങൾ അവതരിപ്പിക്കാനുമുള്ള ശേഷി നേടുക.

പ്രവർത്തനങ്ങൾ : ഓരോ ദിവസവും ഓരോ ക്ലാസുകൾ അസംബ്ലി ഇംഗ്ലീഷിൽ നടത്തുക. പ്രാർത്ഥന, പ്രതിജ്ഞ, സ്വയംപരിചയപ്പെടുത്തൽ, പൊതുവിജ്ഞാന ചോദ്യങ്ങൾ, വാർത്തകൾ ഇവയൊക്കെ ഇംഗ്ലീഷിൽ തന്നെയാക്കുന്നു.

കാലം : എല്ലാ ദിവസവും

ചുമതല : ക്ലാസ് ടീച്ചർ, ഹെഡ്മാസ്റ്റർ

**പ്രവർത്തനം 4**

പേര് : **നാടകക്കളരി**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : സർഗ്ഗാത്മകപ്രവർത്തനങ്ങളിലൂടെ ഭാഷാവികാസം

പ്രവർത്തനങ്ങൾ : വിവിധ ക്ലാസുകളിലെ യൂണിറ്റുകളിൽനിന്നും സംഭാഷണസാധ്യതയുള്ളത് കണ്ടെത്തി നാടകരൂപത്തിലേയ്ക്ക് മാറ്റുന്നു. ബാലസഭയിൽ അവതരിപ്പിക്കുന്നു. (ആവശ്യമുള്ളിടത്ത് മുഖംമൂടികൾ ഉപയോഗിക്കാം)

കാലം : ആഴ്ചയിൽ ഒന്ന്

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 6**

പേര് : **ഡയറി**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : അനുദിനപ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിലൂടെ ഇംഗ്ലീഷ് ഭാഷ സ്വായത്തമാക്കാനും എഴുതുവാനും കഴിയുന്നു.

പ്രവർത്തനങ്ങൾ : എല്ലാ കുട്ടികളും ഡയറിക്കുറിപ്പ് തയ്യാറാക്കി കൊണ്ടുവരുന്നു. ഓരോ ക്ലാസിലും ഓരോരുത്തർക്ക് അവതരിപ്പിക്കുവാൻ അവസരം നൽകുന്നു.

കാലം : എല്ലാ ദിവസവും

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 7**

പേര് : **വളർത്തുമൃഗം കാട്ടുമൃഗം**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : ജന്തുക്കളുടെ പേര്, ശബ്ദം, താമസസ്ഥലം കുട്ടിയുടെ പേര് തുടങ്ങിയവ കണ്ടെത്തുന്നതിനും ആവശ്യസമയത്ത് ഉപയോഗിക്കുന്നതിനും ശേഷി നേടുക.

പ്രവർത്തനങ്ങൾ : ജന്തുക്കളുടെ ചിത്രങ്ങൾ, പേരെഴുതിയ കാർഡുകൾ, വാസസ്ഥലത്തിന്റെ പേര്, കുട്ടിയുടെ പേര്, സബ്ദം എന്നിവ രേഖപ്പെടുത്തിയ കാർഡുകൾ എന്നിവ കുട്ടികൾക്ക് നൽകുന്നു. പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു. ശബ്ദം സ്വഭാവം തുടങ്ങിയവ അനുകരിക്കുന്നു.

കാലം : പാഠവുമായി ബന്ധിപ്പിച്ച്

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 8**

**പേര് : ബുള്ളറ്റിൻ ബോർഡ്**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : കുട്ടികളുടെ രചനകൾ, സൃഷ്ടികൾ പ്രദർശിപ്പിക്കുക, മറ്റുകുട്ടികൾക്ക് വായിക്കാനും കാണുവാനും അവസരം ഒരുക്കുക.

പ്രവർത്തനങ്ങൾ : എല്ലാവർക്കും കാണാവുന്ന സ്ഥലത്ത്കുട്ടികളുടെ സൃഷ്ടികളും രചനകളും തെരഞ്ഞെടുത്തവ പ്രദർശിപ്പിക്കുന്നു. ഓരോ ആഴ്ചയും പുതിയ പുതിയ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു.

കാലം : ആഴ്ചയിലൊന്ന്

ചുമതല : അധ്യാപകർ, ഹെഡ്മാസ്റ്റർ

**പ്രവർത്തനം 9**

**പേര് : പ്രസംഗം**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് പറയുന്നതിനുള്ള ശേഷി നേടുക.

പ്രവർത്തനങ്ങൾ : ഓരോ ദിവസവും ഇംഗ്ലീഷ് ക്ലാസിൽ ഒരു വിഷയത്തെക്കുറിച്ച് ഏതാനും വാക്യങ്ങൾ പറയാൻ ഒരു കുട്ടിക്ക് അവസരം നൽകുന്നു.

കാലം : എല്ലാ ദിവസവും

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 10**

**പേര് : വായനക്കുറിപ്പ്**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : ചെറിയ കഥകൾ, കവിതകൾ വായിക്കാനും വായിച്ചവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കാനും ശേഷി നേടുക.

പ്രവർത്തനങ്ങൾ : ക്ലാസ് നിലവാരം അനുസരിച്ച് കുട്ടികൾക്ക് പുസ്തകങ്ങൾ നൽകുന്നു. അവ വായിച്ച് കുറിപ്പ് തയ്യാറാക്കുന്നു.

കാലം : മാസത്തിൽ ഒന്ന്

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 11**

**പേര് : ഞാനും എന്റെ വീട്ടുകാരും**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : വിവരണം തയ്യാറാക്കുന്നതിനും പറഞ്ഞവതരിപ്പിക്കുന്നതിനും ശേഷി നേടുക.

പ്രവർത്തനങ്ങൾ : കുട്ടികൾ അവരുടെ വീട്ടുകാർ കുട്ടിക്ക് ലഭിക്കുന്ന കഥാപാത്രങ്ങൾ അവയുടെ ഫാമിലി ഇവയെക്കുറിച്ച് വിവരണം തയ്യാറാക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു.

കാലം : പാഠഭാഗത്തോടനുബന്ധിച്ച്

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 12**

**പേര് : പദമാല**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : പദസമ്പത്ത് വർദ്ധിപ്പിക്കുക

പ്രവർത്തനങ്ങൾ : ക്ലാസിൽ പ്രദർശിപ്പിക്കുന്ന ഒരു പദത്തിന്റെ അസാന അക്ഷരം ഉപയോഗിച്ച് പുതിയ വാക്ക് പറയുന്നു. ഇങ്ങനെ ഓരോ കുട്ടിയും മാറിമാറി പദങ്ങൾ പറയുന്നു.

കാലം : പാഠഭാഗത്തോടനുബന്ധിച്ച്

ചുമതല - ക്ലാസ്ടീച്ചർ

**പ്രവർത്തനം 13**

**പേര് : ഇംഗ്ലീഷ് കോർണർ**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : ഇംഗ്ലീഷ്ഭാഷാപഠനം താത്പര്യം വളർത്തുക

പ്രവർത്തനങ്ങൾ : ക്ലാസ്മുറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ ശേഖരം ഒരുക്കുക.

കാലം : ജൂൺ മുതൽ മാർച്ച് വരെ

ചുമതല : പി.റ്റി.എ, ക്ലാസ്ടീച്ചർ

**പ്രവർത്തനം 14**

**പേര് : ചിത്രംവര**

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : ചിത്രസഹായത്തോടെ പദസമ്പത്ത് വർദ്ധിപ്പിക്കുക

പ്രവർത്തനങ്ങൾ : ഓരോ ക്ലാസിലെയും യൂണിറ്റുകളുമായി ബന്ധപ്പെടുത്തി ചിത്രങ്ങൾ വരയ്ക്കുന്നു. കുട്ടികൾ വരച്ച ചിത്രങ്ങൾക്ക് പേരുകൾ എഴുതുന്നു. ഭാഗങ്ങൾ എഴുതുന്നു. നിറം കൊടുക്കുന്നു.

കാലം : ജൂൺ മുതൽ മാർച്ച് വരെ

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 15**

പേര് : ടൈപ്പിംഗ് മാസ്റ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : ഇംഗ്ലീഷ് ചെറിയ അക്ഷരം വലിയ അക്ഷരം എന്നിവ ഉറപ്പിക്കുക. വായിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക

പ്രവർത്തനങ്ങൾ : കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള ടൈപ്പിംഗ് മാസ്റ്ററിലെ പ്രവർത്തനങ്ങൾ കുട്ടികളുടെ നിലവാരം അനുസരിച്ച് ചെയ്യുന്നതിന് അവസരമൊരുക്കുക.

കാലം : ജൂൺ മുതൽ മാർച്ച് വരെ

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 16**

പേര് : ഇന്റർവ്യൂ

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കുന്നതിനും സംഭാഷണങ്ങളിൽ ഏർപ്പെടുന്നതിനും പ്രാപ്തിയുണ്ടാക്കുക

പ്രവർത്തനങ്ങൾ : മുൻകൂട്ടി തയ്യാറാക്കുന്ന ചോദ്യാവലിയുടെ സഹായത്തോടെ കുട്ടികൾ പരസ്പരം ഇന്റർവ്യൂ നടത്തുന്നു. മറുപടിയായി ലഭിക്കേണ്ട ഉത്തരങ്ങളെക്കുറിച്ചും കുട്ടികൾക്ക് ധാരണ നൽകിയിരിക്കണം. വസ്തുക്കൾ, ജന്തുക്കൾ, നേതാക്കൾ വിവിധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവരെയെല്ലാം അനുകരിച്ച് ഇന്റർവ്യൂ നടത്താം.

കാലം : ഓഗസ്റ്റ് മുതൽ മാർച്ച് വരെ

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 17**

പേര് : ലൈബ്രറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : ഇംഗ്ലീഷ് ഭാഷാപരിപോഷണം

പ്രവർത്തനങ്ങൾ : ഇംഗ്ലീഷിനുമാത്രമായി ലൈബ്രറിയുടെ ഒരു ഭാഗം നീക്കിവയ്ക്കുക ആവശ്യമായ പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ ശേഖരിക്കുക, പുസ്തകങ്ങളെ വിവിധ മേഖലകളിൽ തരംതിരിച്ച് ക്രമീകരിക്കുക.

കാലം : മൂന്നുവർഷം

ചുമതല : ഹെഡ്മാസ്റ്റർ, അധ്യാപകർ, എസ്.എസ്.എ, പി.ടി.എ, ജനപ്രതിനിധികൾ

**പ്രവർത്തനം 18**

പേര് : കത്ത്

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യം : തങ്ങളുടെ ആവശ്യങ്ങൾ എഴുതി അറിയിക്കുന്നതിനുള്ള ശേഷി വളർത്തുക

പ്രവർത്തനങ്ങൾ : ക്ലാസിന്റെ, കുട്ടിയുടെ, സ്കൂളിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വേണ്ടപ്പെട്ടവർക്ക് കത്തെഴുതുന്നു.

കാലം : ഒക്ടോബർ മുതൽ മുതൽ മാർച്ച് വരെ

ചുമതല : ക്ലാസ്ടീച്ചർ

**പ്രവർത്തനം 19**

പേര് : ടാലന്റ് ലാബ്

ഉപമേഖല : അക്കാദമികം-നൈപുണി വികാസം

ലക്ഷ്യം : വിവിധ മേഖലകളിൽ വാസനകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകളെ വികസിപ്പിക്കുന്നതിന് അവസരമൊരുക്കുക.

പ്രവർത്തനങ്ങൾ : പാട്ട്, എഴുത്ത്, അഭിനയം, പ്രസംഗം, ചിത്രംവര, കരകൗശലം തുടങ്ങി വിവിധ മേഖലകളിൽ ജൻമസിദ്ധമായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തുകും അവർക്ക് ആ കഴിവുകളെ വളർത്താനുള്ള അവസരം ഒരുക്കുകയും ചെയ്യുന്നു.

കാലം : ജൂൺ മാസം മുതൽ

ചുമതല : ക്ലാസ്ടീച്ചർ, ഹെഡ്മാസ്റ്റർ, എസ്.എസ്.എ ജനപ്രതിനിധികൾ, പി.ടി.എ

**പ്രവർത്തനം 20**

പേര് : ലഹരിമുക്തവിദ്യാലയം

ഉപമേഖല : അക്കാദമികം-സാമൂഹികം

ലക്ഷ്യം : സ്കൂളും പരിസരവും ലഹരി, പുകയില,മദ്യം, മയക്കുമരുന്ന് വിമുക്തമേഖലയാക്കുക

പ്രവർത്തനങ്ങൾ : സ്കൂൾ പരിസരങ്ങളിൽ ഇവയുടെ ഉപയോഗം, വിൽപ്പന തടയുക, വീടുകളിലും മുതിർന്നവരിലും ഇവ ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരമം നടത്തുക, ചിത്രപ്രദർശനങ്ങൾ നടത്തുക, മോക്ഡ്രില്ലുകൾ നടത്തുക.

കാലം : ജൂൺ മുതൽ

ചുമതല : അധ്യാപകർ, ഹെഡ്മാസ്റ്റർ, പി.ടി.എ ജനപ്രതിനിധികൾ, പോലീസ്, എക്സൈസ്

**പ്രവർത്തനം 21**

| | | |
|---|---|---|
| പേര് | : | **ജൈവവൈവിധ്യപാർക്ക്** |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | പ്രകൃതിയോട് ഇണങ്ങി സ്വച്ഛമായ അന്തരീക്ഷത്തിൽ ശുദ്ധ വായു ശ്വസിച്ച് നിർമലമായ മനസോടെ പഠിക്കുന്നതിന് അന്ത രീക്ഷമൊരുക്കുക. |
| പ്രവർത്തനങ്ങൾ | : | വിവിധതരം പൂമരങ്ങൾ, തണൽമരങ്ങൾ, ഔഷധസസ്യങ്ങൾ, ഫലവൃക്ഷങ്ങൾ, കുറ്റിച്ചെടികൾ തുടങ്ങിയവ സ്കൂൾ പരിസ രത്ത് നട്ട് പരിപാലിക്കുക. പുൽത്തകിടികൾ, ആമ്പൽക്കുളം എന്നിവ ഉണ്ടാക്കുക, വിവിധ ജീവജാലങ്ങളെ സംരക്ഷിക്കുക, ഇവയുടെയൊക്കെ ശാസ്ത്രീയമായ പട്ടിക തയ്യാറാക്കുക, മാപ്പിങ് നടത്തുക. |
| കാലം | - | മൂന്നുവർഷംകൊണ്ട് പൂർത്തിയാക്കുക |
| ചുമതല | - | സ്കൂൾ, ജനപ്രതിനിധികൾ, ത്രിതലപഞ്ചായത്ത്, പി.ടി.എ, എസ്. എസ്.എ |

**പ്രവർത്തനം 22**

| | | |
|---|---|---|
| പേര് | : | **ശലഭോദ്യാനം** |
| ഉപമേഖല | : | അക്കാദമികം |
| ലക്ഷ്യം | : | കുട്ടികളിൽ സഹജീവിസ്നേഹം വളർത്തുക |
| പ്രവർത്തനങ്ങൾ | : | സ്കൂൾ പരിസരത്ത് മനോഹരമായ ഉദ്യാനം നിർമ്മിക്കുക, ശല ഭങ്ങൾ, തുമ്പികൾ, പക്ഷികൾ ഇവയെ ആകർഷിക്കുന്നതിനായി അവയ്ക്ക് ഭക്ഷണം വെള്ളം എന്നിവ ഒരുക്കുക |
| കാലം | : | ജൂൺ മാസം മുതൽ |
| ചുമതല | : | അധ്യാപകർ, പി.ടി.എ, എസ്.എസ്.എ |

**പ്രവർത്തനം 23**

| | | |
|---|---|---|
| പേര് | : | **ആഘോഷങ്ങൾ, ആചരണങ്ങൾ** |
| ഉപമേഖല | : | സാമൂഹികം |
| ലക്ഷ്യം | : | സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹികപങ്കാളിത്തം ഉറപ്പാക്കുക. |
| പ്രവർത്തനങ്ങൾ | : | ഓണം, ക്രിസ്തുമസ്, വാർഷികം, സ്വാതന്ത്ര്യദിനം, ശിശുദിനം, വിവിധ ദിനാചരണങ്ങൾ എന്നിവയിൽ രക്ഷാകർത്താക്കൾക്കു കൂടി പങ്കെടുക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂ ത്രണം ചെയ്യുന്നു. |
| കാലം | : | ജൂൺ മുതൽ മാർച്ച് വരെ |
| ചുമതല | : | അധ്യാപകർ, ഹെഡ്മാസ്റ്റർ, പി.ടി.എ |

**പ്രവർത്തനം 24**

| | | |
|---|---|---|
| പേര് | : | **സാമൂഹികം** |
| ഉപമേഖല | : | സാമൂഹികം |
| ലക്ഷ്യം | : | സ്കൂളിലെ വിവിധ പ്രവർത്തനങ്ങൾ സമൂഹത്തിലേയ്ക്ക് എത്തി ക്കുക |
| പ്രവർത്തനങ്ങൾ | : | പാഠാനുബന്ധമായും പാഠ്യാനുബന്ധമായും ഉണ്ടായിട്ടുള്ള വസ്തുക്കൾ, ചിത്രങ്ങൾ, കലാരൂപങ്ങൾ കലാപ്രകടനങ്ങൾ എന്നിവയുടെ പ്രകടനം ഒരുക്കുന്നു. |
| കാലം | : | മാർച്ച് മാസം |
| ചുമതല | : | അധ്യാപകർ, ഹെഡ്മാസ്റ്റർ, പി.ടി.എ |

**പ്രവർത്തനം 25**

| | | |
|---|---|---|
| പേര് | : | **ഭവനസന്ദർശനം** |
| ഉപമേഖല | : | സാമൂഹികം |
| ലക്ഷ്യം | : | സമൂഹത്തെ വിദ്യാലയത്തോട് ചേർത്തുനിർത്തുക. |
| പ്രവർത്തനങ്ങൾ | : | ജനപ്രതിനിധികൾ, പി.ടി.എ അംഗങ്ങൾ എന്നിവരുടെ സഹക രണത്തോടെ സ്കൂൾ പരിധിയിലുള്ള എല്ലാ ഭവനങ്ങളും സന്ദർശിക്കുക. വ്യക്തിബന്ധം സ്ഥാപിക്കുക. |
| കാലം | : | ഏപ്രിൽ, മെയ് |
| ചുമതല | : | അധ്യാപകർ, ഹെഡ്മാസ്റ്റർ, പി.ടി.എ, ജനപ്രതിനിധികൾ |

**പ്രവർത്തനം 26**

| | | |
|---|---|---|
| പേര് | : | **പൂർവ്വവിദ്യാർത്ഥിസമ്മേളനം** |
| ഉപമേഖല | : | സാമൂഹികം |
| ലക്ഷ്യം | : | സ്കൂൾ വികസനത്തിന് പൂർവവിദ്യാർത്ഥികളെ ഉപയോഗപ്പെ ടുത്തുക. |
| പ്രവർത്തനങ്ങൾ | : | സ്കൂൾ വാർഷികത്തോടനുബന്ധിച്ച് പൂർവവിദ്യാർത്ഥികളുടെ സംഗമം വിളിക്കുന്നു. കലാപരിപാടികൾ സംഘടിപ്പിക്കുന്നു. കൂട്ടായ്മ രൂപപ്പെടുത്തുന്നു. |
| കാലം | : | മാർച്ച് |
| ചുമതല | : | അധ്യാപകർ, ഹെഡ്മാസ്റ്റർ, പി.ടി.എ, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥിപ്രതിനിധികൾ |

**പ്രവർത്തനം 1**

| | | |
|---|---|---|
| പേര് | : | **ഗണിതപാർക്ക്** |
| മേഖല | : | അക്കാദമിക്/ഗണിതം |
| ലക്ഷ്യം | : | ഗണിതം മധുരതരമാക്കൽ |
| പ്രവർത്തനം | : | ജ്യാമിതീയരൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കുക |
| കാലം | : | ഒരു പ്രാവശ്യം |
| ചുമതല | : | ഗണിതക്ലബ്ബ് |

**പ്രവർത്തനം 2**

| | | |
|---|---|---|
| പേര് | : | **ഗണിതക്വിസ്സ്** |
| മേഖല | : | അക്കാദമികം/ഗണിതം |
| ലക്ഷ്യം | : | ഗണിതമേഖലയിൽ അറിവ് നേടുന്നതിന് |
| പ്രവർത്തനം | : | എല്ലാ മാസവും അവസാനത്തെ വ്യാഴാഴ്ച ഗ്രൂപ്പടിസ്ഥാനത്തിൽ ക്വിസ്സ് സംഘടിപ്പിക്കുക, വിജയികൾക്ക് സമ്മാനം കൊടുക്കുക. |
| കാലം | : | ഒരു പ്രാവശ്യം |
| ചുമതല | : | ഗണിതക്ലബ്ബ് |

സാമ്പത്തിക വിശകലനം: 1000/ പി.ടി.എ

**പ്രവർത്തനം 3**

| | | |
|---|---|---|
| പേര് | : | **ഗണിതലാബ്** |
| മേഖല | : | അക്കാദമികം/ഗണിതം |
| ലക്ഷ്യം | : | ഗണിതത്തോട് താത്പര്യം ജനിക്കുന്നു. ഗണിതവസ്തുക്കളെ ക്കുറിച്ചുള്ള അറിവ് ഉണ്ടാകുന്നതിന് |
| പ്രവർത്തനം | : | വിവിധ അളവിലുള്ള സ്കെയിലുകൾ, അളവുപാത്രങ്ങൾ ജ്യാമിതീയ രൂപങ്ങൾ, വിവിധ അളവുകളിലുള്ള തൂക്കക്കട്ടകൾ, വെയിംഗ് മെഷീൻ, ത്രാസുകൾ, ടേപ്പുകൾ, കുട്ടികളുടെ ഉയരം അളക്കുന്നതിനുള്ള ഉപകരണങ്ങൾ മുതലായവ ഉൾപ്പെടുത്തി ഒരു ഗണിതലാബ് സജ്ജീകരിക്കുക |
| കാലം | : | ദീർഘകാലം |
| ചുമതല | : | പി.ടി.എ |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 4**

| | | |
|---|---|---|
| പേര് | : | **ഉയരതൂക്ക കലണ്ടർ** |
| മേഖല/ഉപമേഖല: | | അക്കാദമികം/ഗണിതം |
| ലക്ഷ്യം | : | കുട്ടികൾ അവരുടെ ഉയരവും തൂക്കവും മനസ്സിലാക്കുന്നതിനും താരതമ്യം ചെയ്യുന്നതിനും |
| പ്രവർത്തനം | : | കുട്ടികൾ അവരുടെ ഉയരവും തൂക്കവും അളന്ന് ചാർട്ടിൽ രേഖപ്പെടുത്തുക. ഓരോ മാസവും വീണ്ടും അളന്ന് വ്യത്യാസം കുറിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു. |
| കാലം | : | ദീർഘകാലം |
| ചുമതല | : | ക്ലാസ്ടീച്ചർ |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 5**

| | | |
|---|---|---|
| പേര് | : | **ഗണിതകേളി** |
| മേഖല | : | അക്കാദമികം/ഗണിതം |
| ലക്ഷ്യം | : | രസകരമായ രീതിയിൽ ഗണിതം പഠിക്കുന്നതിന് |
| പ്രവർത്തനം | : | ഗണിതവുമായി ബന്ധപ്പെട്ട പസിലുകൾ കുട്ടികൾ കണ്ടെത്തി കൊണ്ടുവന്ന് പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുന്നു. മികച്ച പസിൽ കണ്ടെത്തി ആഴ്ചയിൽ ഒരിക്കൽ സമ്മാനം കൊടുക്കുന്നു. മികച്ചവ ഒരാഴ്ച ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുന്നു. |
| കാലം | : | ഹ്രസ്വകാലം |
| ചുമതല | : | എസ്.ആർ.ജി |

സാമ്പത്തിക വിശകലനം: 500/പി.ടി.എ

**പ്രവർത്തനം 6**

| | | |
|---|---|---|
| പേര് | : | **ജ്യാമതീയ രൂപനിർമ്മാണം** |
| മേഖല/ഉപമേഖല: | | അക്കാദമികം/ഗണിതം |
| ലക്ഷ്യം | : | ജ്യാമതീയ രൂപനിർമ്മാണത്തിലൂടെ ജ്യാമതീയരൂപങ്ങളെക്കുറിച്ച് അറിവ് നേടുന്നതിന് |
| പ്രവർത്തനം | : | അവധി ദിവസങ്ങളിൽ പി.ടി.എ അംഗങ്ങളുടെ സഹകരണത്തോടെ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണപരിശീലനക്ലാസ് സംഘടിപ്പിക്കുന്നു. ഇവയിൽനിന്ന് ഉണ്ടാകുന്ന ജ്യാമിതീയ രൂപങ്ങൾ ഗണിതലാബിൽ പ്രദർശിപ്പിക്കുന്നു. |
| കാലം | : | ദീർഘകാലം |
| ചുമതല | : | എസ്.ആർ.ജി/പി.ടി.എ |

സാമ്പത്തിക വിശകലനം: പി.ടി.എ

**പ്രവർത്തനം 7**

| | | |
|---|---|---|
| പേര് | : | **മാന്ത്രികചതുരനിർമാണം** |
| മേഖല/ഉപമേഖല: | | അക്കാദമികം/ഗണിതം |
| ലക്ഷ്യം | : | സംഖ്യാബോധം കുട്ടികളിൽ ഉണ്ടാകുന്നതിന് |
| പ്രവർത്തനം | : | ക്ലാസ് അടിസ്ഥാനത്തിൽ മാന്ത്രിക ചതുരം നിർമ്മിച്ച് ക്ലാസിൽ |

പ്രദർശിപ്പിക്കുന്നു. ഏറ്റവും കൃത്യമായി നിർമ്മിച്ചവർക്ക് (പ്രത്യേകതകൾ എല്ലാം ഉൾപ്പെടുത്തി) പോയിന്റുകൾ നൽകുന്നു.

കാലം : ഹ്രസ്വകാലം

ചുമതല : ക്ലാസ്ടീച്ചർ

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 8**

**പേര് : അബാക്കസ്നിരമ്മാണം**

മേഖല/ഉപമേഖല: അക്കാദമികം/ഗണിതം

ലക്ഷ്യം : സ്ഥാനവില കൃത്യമായി പഠിക്കുന്നതിന്

പ്രവർത്തനം : വിവിധ തരത്തിലുള്ള സ്ഥാനവിലകൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനുവേണ്ടി പലതരത്തിലുള്ള സ്ഥാനവിലസ്റ്റാന്റുകൾ ക്ലാസുകളിൽ നിർമ്മിക്കുന്നു.

കാലം : മധ്യകാലം

ചുമതല : ക്ലാസ്ടീച്ചർ/പി.ടി.എ

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 9**

**പേര് : അളന്നുപഠിക്കാം**

മേഖല/ഉപമേഖല: അക്കാദമികം/ഗണിതം

ലക്ഷ്യം : അളവുപാത്രം പരിചയപ്പെടുന്നതിന്

പ്രവർത്തനം : അളവുപാത്രങ്ങൾ പരിചയപ്പെടുന്നതിനും ഓരോ പാത്രത്തിലും ഉൾക്കൊള്ളുന്ന വെള്ളത്തിന്റെ അളവ് കണ്ടെത്തുന്നതിനുവേണ്ടി ഓരോരുത്തരും കുടിവെള്ളം കൊണ്ടുവരുന്ന കുപ്പിയിൽ എത്ര മാത്രം വെള്ളം ഉൾക്കൊള്ളുന്നു എന്ന് അളന്ന് തിട്ടപ്പെടുത്തുന്നു. ഒപ്പം കാൽകഴുകാനും മറ്റുമായി വേസ്റ്റാക്കിക്കളയുന്ന വെള്ളത്തിന്റെ അളവും കണ്ടെത്തുന്നു. കൂടാതെ ചാർട്ട് പേപ്പറോ മറ്റോ ഉപയോഗിച്ച് പി.ടി.എയുടെ നേതൃത്വത്തിൽ അളവുപാത്രനിർമ്മാണ പരിശീലന ക്ലാസ് സംഘടിപ്പിച്ച് അതിൽനിന്ന് ഉണ്ടാകുന്ന അളവുപാത്ര മോഡലുകൾ ഗണിത ലാബിൽ പ്രദർശിപ്പിക്കുന്നു.

കാലം : മധ്യകാലം

ചുമതല : എസ്.ആർ.ജി, പി.ടി.എ

സാമ്പത്തിക വിശകലനം: 1000/പി.ടി.എ

**പ്രവർത്തനം 10**

**പേര് : ത്രിമാനരൂപങ്ങളുടെ നിർമ്മിതി**

മേഖല/ഉപമേഖല: അക്കാദമികം/ഗണിതം

ലക്ഷ്യം : ഗണിതം കൂടുതൽ രസകരമാക്കാനും ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള അറിവ് നേടുന്നതിനും

പ്രവർത്തനങ്ങൾ : തെർമോകാർ ഉപയോഗിച്ച് ത്രിമാനരൂപങ്ങൾ (eg: താജ്മഹൽ) നിർമ്മിച്ച് അതിലുള്ള ജ്യാമിതീയ രൂപങ്ങളെ കണ്ടെത്തി തരം തിരിച്ച് പട്ടികപ്പെടുത്തുക

കാലം : ഹ്രസ്വകാലം

ചുമതല : ക്ലാസ്ടീച്ചർ

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 11**

**പേര് : വർക്ക്ഷീറ്റ് നിർമ്മാണം**

മേഖല/ഉപമേഖല: അക്കാദമികം/ഗണിതം

ലക്ഷ്യം : ചതുഷ്ക്രിയകൾ രസകരമാക്കൽ

പ്രവർത്തനങ്ങൾ : പി.ടി.എയുടെ സഹകരണത്തോടെ ഒരു അവധിദിവസം ചതുഷ്ക്രിയകൾ ഉൾക്കൊള്ളുന്ന വർക്ക്ഷീറ്റുകൾ നിർമ്മിച്ച് കുട്ടികൾക്ക് നൽകുന്നു. തുടർന്ന് മാതാപിതാക്കളും ഈ രീതിയിൽ വർക്ക് ഷീറ്റുകൾ ഉണ്ടാക്കിക്കൊടുത്ത് ഗണിതം എളുപ്പമാക്കുന്നു. ഒരു ടേമിൽ ഒരു ശിൽപ്പശാല സംഘടിപ്പിച്ച് ഇവ പ്രദർശിപ്പിക്കുന്നു. ഒപ്പം കാൽകഴുകാനും മറ്റുമായി വേസ്റ്റാക്കിക്കളയുന്ന വെള്ളത്തിന്റെ അളവും കണ്ടെത്തുന്നു. കൂടാതെ ചാർട്ട് പേപ്പറോ മറ്റോ ഉപയോഗിച്ച് പി.ടി.എയുടെ നേതൃത്വത്തിൽ അളവുപാത്രനിർമ്മാണ പരിശീലന ക്ലാസ് സംഘടിപ്പിച്ച് അതിൽനിന്ന് ഉണ്ടാകുന്ന അളവുപാത്ര മോഡലുകൾ ഗണിത ലാബിൽ പ്രദർശിപ്പിക്കുന്നു.

കാലം : എല്ലാ മാസവും ഒന്ന്

ചുമതല : ക്ലാസ്ടീച്ചർ, പി.ടി.എ

സാമ്പത്തിക വിശകലനം: 1000/സ്പോൺസർ .

**പ്രവർത്തനം 12**

**പേര് : ശാസ്ത്രജാലകം**

മേഖല/ഉപമേഖല: അക്കാദമികം/ഗണിതം

ലക്ഷ്യം : ഗണിതശാസ്ത്രജ്ഞന്മാരെക്കുറിച്ചുള്ള അറിവ് ഉണ്ടാകുന്നതിന്

പ്രവർത്തനം : ഗണിതശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ ശേഖരിച്ച്അവരുടെ പ്രധാനപ്പെട്ട നേട്ടങ്ങളും ശേഖരിച്ച് ആൽബം തയ്യാറാക്കി ശില്പശാലയിൽ പ്രദർശിപ്പിക്കുന്നു.

കാലം : വർഷത്തിൽ ഒന്ന്

ചുമതല : ക്ലാസ് ടീച്ചർ

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 13**

**പേര് : ഗണിതലൈബ്രറി**

മേഖല/ഉപമേഖല: അക്കാദമികം/ഗണിതം

ലക്ഷ്യം : ചെറിയ പുസ്തകങ്ങൾ വായിക്കുന്നതിനും അറിവ് നേടുന്നതിനും

പ്രവർത്തനം : ലൈബ്രറിയുടെ ഒരു ഭാഗത്ത് ഗണിതവസ്തുതകളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ തന്നെ ശേഖരിച്ച് ഒരു ഗണിതശാസ്ത്രലൈബ്രറി ഉണ്ടാക്കുന്നു. ആഴ്ചയിൽ ഒരു ദിവസം ഗണിതശാസ്ത്ര ലൈബ്രറിയിൽനിന്നുള്ള പുസ്തകത്തിന്റെ വായനാക്കുറിപ്പ് അസംബ്ലിയിൽ വായിക്കുന്നു.

കാലം : വർഷം മുഴുവനും

ചുമതല :

സാമ്പത്തിക വിശകലനം:

**പ്രവർത്തനം 14**

**പേര് : ഗണിതശാസ്ത്രദിനാഘോഷം**

മേഖല/ഉപമേഖല: അക്കാദമികം/ഗണിതം

ലക്ഷ്യം : ഗണിതശാസ്ത്രജ്ഞൻമാരെയും അവരുടെ സംഭാവനകളും പരിചയപ്പെടുന്നതിന്

പ്രവർത്തനങ്ങൾ : അസംബ്ലിയിൽ ഗണിതശാസ്ത്രപ്രാധാന്യമുള്ള ദിവസങ്ങളിൽ അവരെയും അവരെയും അവർ നമ്മുടെ രാജ്യത്തിന് നൽകിയിരിക്കുന്ന സംഭാവനകളെയും പരിചയപ്പെടുത്തണം.

കാലം : വർഷം മുഴുവനും

ചുമതല : എസ്.ആർ.ജി

സാമ്പത്തിക വിശകലനം:

❖❖❖❖

**പ്രവർത്തനം-1**

**പേര് : കടലാസുപൂക്കളുണ്ടാക്കാം**

മേഖല : സർഗ്ഗാത്മകവികസനം

ലക്ഷ്യം : പൂക്കളുടെ നിർമാണത്തിലൂടെ പൂക്കളുടെ പഠനം

പ്രവർത്തനം : കടലാസ് മടക്കി അതുകൊണ്ട് പൂക്കൾ നിർമ്മിക്കുന്നു

കാലം : പാഠത്തോടുചേർന്ന് ഒരു ദിവസം

ചുമതല : അധ്യാപകൻ

സാമ്പത്തിക വിശകലനം : എസ്.ആർ.ജി

**പ്രവർത്തനം-2**

**പേര് : ജീവനുള്ളവ ഇല്ലാത്തവ**

മേഖല : നിരീക്ഷണം, താരതമ്യം

ലക്ഷ്യം : ജീവനുള്ള വസ്തുക്കളും ജീവനില്ലാത്ത വസ്തുക്കളും ഉണ്ട് എന്ന് തിരിച്ചറിയുന്നു

പ്രവർത്തനം : കുട്ടികളെ വിദ്യാലയത്തിൽനിന്നും പുറത്തുകൊണ്ടു പോയി പരിസര നിരീക്ഷണം നടത്തുന്നു. ജീവനുള്ളവയും ഇല്ലാത്തവയും പട്ടികപ്പെടുത്തുന്നു.

കാലം : പാഠത്തിന്റെ പഠനത്തോടുചേർന്ന് ഒരു ദിവസം

ചുമതല : അധ്യാപകൻ

സാമ്പത്തിക വിശകലനം

**പ്രവർത്തനം-3**

**പേര് : വേര് കാണാൻ**

മേഖല : നിരീക്ഷണം-ലഘുപ്രോജക്ട്

ലക്ഷ്യം : സസ്യത്തിന്റെ ഭാഗമായ വേരിനെ നിരീക്ഷിച്ച് അറിയുക.

പ്രവർത്തനം : പഞ്ഞി നനച്ച് ഗ്ലാസിനുള്ളിൽ വച്ച് അതിൽ പയർവിത്ത് ഇട്ടു വച്ച് നിരീക്ഷിക്കുന്നു.

കാലം : ഒരാഴ്ച

ചുമതല : അധ്യാപകൻ

സാമ്പത്തിക വിശകലനം:

**പ്രവർത്തനം-3**

**പേര് : വേര് കാണാൻ**

മേഖല : നിരീക്ഷണം-ലഘുപ്രോജക്ട്

ലക്ഷ്യം : സസ്യത്തിന്റെ ഭാഗമായ വേരിനെ നിരീക്ഷിച്ച് അറിയുക.

പ്രവർത്തനം : പഞ്ഞി നനച്ച് ഗ്ലാസിനുള്ളിൽ വച്ച് അതിൽ പയർവിത്ത് ഇട്ടു വച്ച് നിരീക്ഷിക്കുന്നു.

കാലം : ഒരാഴ്ച

ചുമതല : അധ്യാപകൻ

സാമ്പത്തിക വിശകലനം:

**പ്രവർത്തനം-4**

**പേര്** : **മഷിത്തണ്ടുചെടി**
മേഖല : പരീക്ഷണം
ലക്ഷ്യം : വേര് വലിച്ചെടുക്കുന്നുവെന്ന് പരീക്ഷണത്തിലൂടെ തെളിയിക്കുക
പ്രവർത്തനം : മഷിത്തണ്ടുചെടി വേരോടെ പറിച്ചെടുത്ത് വേര് കഴുകിയ ശേഷം ചുവന്ന മഷി നിറച്ച കുപ്പിയിൽ ഇറക്കി മാറ്റങ്ങൾ നിരീക്ഷിക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം :

**പ്രവർത്തനം-5**

**പേര്** : **ഇലച്ചിത്രം**
മേഖല : സർഗ്ഗാത്മ വികസനം
ലക്ഷ്യം : കലാവാസനകളെ പരിപോഷിപ്പിക്കൽ
പ്രവർത്തനം : സസ്യങ്ങളുടെ ഇലകൾ ഒട്ടിച്ച് വിവിധരൂപങ്ങൾ നിർമ്മിക്കുന്നു
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം: എസ്.ആർ.ജി

**പ്രവർത്തനം-6**

**പേര്** : **കടലാസ് പക്ഷി നിർമിക്കാം**
മേഖല : നിർമാണപ്രവർത്തനം
ലക്ഷ്യം : ജന്തുജാലങ്ങളെക്കുറിച്ച് അറിവ് നൽകുക
പ്രവർത്തനം : എല്ലാ കുട്ടികളും കടലാസ് ഉപയോഗിച്ച് പക്ഷിയെ നിർമിക്കുന്നു. നിറം നൽകി ഭംഗിയാക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം: എസ്.ആർ.ജി

**പ്രവർത്തനം-7**

**പേര്** : **ഇരപിടിക്കും തന്ത്രങ്ങൾ**
മേഖല : നിരീക്ഷണം
ലക്ഷ്യം : ജീവികൾക്ക് ഇരപിടിക്കുന്നതിന് വിവധ തന്ത്രങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുക
പ്രവർത്തനം : വിവിധ ജീവികൾ ഇരപിടിക്കുന്നതിന്റെ വീഡിയോ കുട്ടികൾ കാണുന്നു. കുറിപ്പ് തയ്യാറാക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-8**

**പേര്** : **രക്ഷപെടാൻ തന്ത്രങ്ങൾ പലത്**
മേഖല : നിരീക്ഷണം
ലക്ഷ്യം : ജീവികൾക്ക് ശത്രുക്കളിൽനിന്ന് രക്ഷപെടുന്നതിന് പല തന്ത്രങ്ങളും ഉണ്ടെന്ന് മനസിലാക്കുന്നു.
പ്രവർത്തനം : ജീവികൾ ശത്രുക്കളിൽനിന്ന് രക്ഷപെടുന്നതിന് പല തന്ത്രങ്ങൾ പ്രയോഗിക്കുന്നതിന്റെ വീഡിയോ കുട്ടികൾ കണ്ടുമനസിലാക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-9**

**പേര്** : **ഇഴഞ്ഞും നടന്നും പറന്നും**
മേഖല : തരംതിരിക്കൽ, പട്ടികപ്പെടുത്തൽ
ലക്ഷ്യം : ജീവികളുടെ വിവിധ രീതിയിലുള്ള സഞ്ചാരത്തെക്കുറിച്ച് മനസ്സിലാക്കുന്നു.
പ്രവർത്തനം : ജീവികളുടെ സഞ്ചാരരീതിയ്ക്കനുസരിച്ച് അവയെ തരംതിരിച്ച് പട്ടികപ്പെടുത്തി എഴുതുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-10**

**പേര്** : **കടലിലെ പൂന്തോട്ടം**
മേഖല : നിരീക്ഷണം
ലക്ഷ്യം : കരയിലെന്നപോലെ കടലിനടിയിലും സസ്യങ്ങളും ജീവികളും ഉണ്ടെന്ന് തിരിച്ചറിയുന്നു
പ്രവർത്തനം : കടലിനടിയിലെ കാഴ്ചകൾ കാണിക്കുന്ന വീഡിയോ കുട്ടികൾ കാണുന്നു. അവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-11**

**പേര്** : **ജലം അമൂല്യം**
മേഖല : പോസ്റ്റർ നിർമ്മാണം
ലക്ഷ്യം : ജലം പാഴാക്കരുതെന്ന ബോധം മറ്റുള്ളവരിൽ വളർത്തുക
പ്രവർത്തനം : ജലത്തിന്റെ പ്രാധാന്യവും അത് പാഴാക്കരുതെന്നമുള്ള സന്ദേശം നൽകുന്ന പോസ്റ്റർ കുട്ടികൾ നിർമിക്കുന്നു.

കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം: എസ്. ആർ.ജി

**പ്രവർത്തനം-12**

**പേര്** : **എത്ര തുള്ളികൾ**
മേഖല : പരീക്ഷണം
ലക്ഷ്യം : പല തുള്ളികൾ ചേർന്നാണ് പെരുവെള്ളമുണ്ടാകുന്നത് എന്ന ആശയം നൽകുക.
പ്രവർത്തനം : ഒരു സ്പൂൺ വെള്ളം എത്ര തുള്ളിയെന്നും ഒരു ഗ്ലാസ് വെള്ളം എത്ര സ്പൂണെന്നും ഒരു കപ്പ് വെള്ളം എത്ര ഗ്ലാസെന്നും ഒരു ബക്കറ്റ് വെള്ളം എത്ര കപ്പെന്നും കണ്ടെത്തിയതിനുശേഷം ഒരു ബക്കറ്റ് വെള്ളം എത്ര തുള്ളിയെന്ന് കണ്ടെത്തുക.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-13**

**പേര്** : **കിണറിനരികെ**
മേഖല : ഫീൽഡ്ട്രിപ്പ്
ലക്ഷ്യം : കിണറുകൾ മലിനമാകുന്നതെങ്ങനെയെല്ലാമെന്ന് നേരിട്ട് കണ്ടു മനസിലാക്കുക
പ്രവർത്തനം : ഫീൽഡ്ട്രിപ്പിനു മുമ്പായി വിവരശേഖരണത്തിനുള്ള ഫോർമാറ്റ് തയ്യാറാക്കുന്നു. തുടർന്ന് അടുത്തുള്ള കിണറുകൾസന്ദർശിച്ച് അവയെ നിരീക്ഷിച്ച് ഫോർമാറ്റ് പൂരിപ്പിക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം: പി.റ്റി.എ

**പ്രവർത്തനം-14**

**പേര്** : **മുച്ചട്ടിയരിപ്പ**
മേഖല : ലഘുപരീക്ഷണം
ലക്ഷ്യം : കലങ്ങിയവെള്ളം ശുദ്ധീകരിക്കുന്ന രീതി കണ്ട് മനസിലാക്കുന്നു.
പ്രവർത്തനം : മൂന്ന് ചട്ടികളിൽ ചരൽ, മണൽ, കരി എന്നിവ നിറച്ചതിന് ശേഷം അവ മുകളിൽനിന്ന് താഴേയ്ക്ക് എന്ന ക്രമത്തിൽ വച്ച് നിരീക്ഷണം ചെയ്യുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-15**

**പേര്** : **ശുചിത്വം**
മേഖല : പോസ്റ്റർ നിർമ്മാണം
ലക്ഷ്യം : വ്യക്തിശുചിത്വം പോലെ പരിസരശുചിത്വവും നാം പാലിക്കണം, എന്ന ആശയം കുട്ടികളിൽ എത്തിക്കുക.
പ്രവർത്തനം : പരിസരശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത മറ്റുള്ളവരെ ബോധ്യപ്പെടുത്താനുതകുന്ന പോസ്റ്റർ കുട്ടികൾ ഗ്രൂപ്പിൽ തയ്യാറാക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം: എസ്.ആർ.ജി

**പ്രവർത്തനം-16**

**പേര്** : **ഡ്രൈ ഡേ ആചരണം**
മേഖല : ലഘു പ്രോജക്ട്
ലക്ഷ്യം : കൊതുകിനെ നശിപ്പിക്കുക
പ്രവർത്തനം : കുട്ടികൾ എല്ലാവരും വീട്ടിൽ ഒരു ദിവസം ചിരട്ടയിൽ വെള്ളം നിറച്ച് വയ്ക്കുന്നു. ഒരാഴ്ച കഴിഞ്ഞ് അത് ഉണങ്ങിയ തറയിൽ കമിഴ്ത്തിക്കളയുന്നു.
കാലം : എല്ലാ ആഴ്ചകളിലും
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-17**

**പേര്** : **പച്ചക്കറി സാലഡ്**
മേഖല : നിർമ്മാണം
ലക്ഷ്യം : പച്ചക്കറികൾ വേവിക്കാതെയും കഴിക്കാമെന്ന് മനസിലാ ക്കുന്നു
പ്രവർത്തനം : കുട്ടികളെല്ലാവരും വീട്ടിൽനിന്ന് പച്ചയ്ക്ക് കഴിക്കാൻ കൊള്ളാവുന്ന പച്ചക്കറികൾ കൊണ്ടുവരുന്നു. അവ നന്നായി കഴുകി അരിഞ്ഞ് ഉപ്പും തൈരും ചേർത്ത് സാലഡ് നിർമ്മിച്ച് ഉച്ചയ്ക്ക് എല്ലാവർക്കും ഭക്ഷണത്തോടൊപ്പം വിളമ്പുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം: എസ്.ആർ.ജി

**പ്രവർത്തനം-18**

**പേര്** : **വൃത്തിയിലേയ്ക്ക്**
മേഖല : പരീക്ഷണം

| | | |
|---|---|---|
| ലക്ഷ്യം | : | കുട്ടികളുടെ കൈകളിൽ ധാരാളം ചെളിയുണ്ടെന്ന് ബോധപ്പെടുത്തുക |
| പ്രവർത്തനം | : | ഒരു ബക്കറ്റിൽ തെളിഞ്ഞ വെള്ളമെടുത്തതിനുശേഷം കുട്ടികളെല്ലാവരും അതിൽ കൈ കഴുകുന്നു. കൈ കഴുകുന്നതിനുമുമ്പുള്ള വെള്ളം ഗ്ലാസിൽ എടുത്തതും ശേഷം ഗ്ലാസിൽ എടുത്തതും താരതമ്യം ചെയ്ത് വ്യത്യാസം മനസിലാക്കുന്നു. |
| കാലം | : | ഒരു ദിവസം |
| ചുമതല | : | അധ്യാപകൻ |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം-19**

| | | |
|---|---|---|
| **പേര്** | : | **നെൽകൃഷി** |
| മേഖല | : | നിരീക്ഷണം |
| ലക്ഷ്യം | : | ശലഭത്തിന്റെ വിവിധ ജീവിതഘട്ടങ്ങൾ നിരീക്ഷിക്കുക |
| പ്രവർത്തനം | : | ചിത്രശലഭത്തിന്റെ ജീവിതഘട്ടങ്ങൾ ചിത്രീകരിച്ചിരിക്കുന്ന വീഡിയോ കുട്ടികൾ കാണുന്നു. കുറിപ്പ് തയ്യാറാക്കുന്നു |
| കാലം | : | ഒരു ദിവസം |
| ചുമതല | : | അധ്യാപകൻ |

സാമ്പത്തിക വിശകലനം: എസ്.ആർ.ജി

**പ്രവർത്തനം-21**

| | | |
|---|---|---|
| പേര് | : | കടലാസ് മീൻ |
| മേഖല | : | നിർമ്മാണം |
| ലക്ഷ്യം | : | മീൻ നിർമ്മിക്കുന്നതിലൂടെ അതിനെക്കുറിച്ച് കൂടുതൽ അറിവ് നേടുക |
| പ്രവർത്തനം | : | കുട്ടികൾ കടലാസുകൊണ്ട് മീൻ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നു. |
| കാലം | : | ഒരു ദിവസം |
| ചുമതല | : | അധ്യാപകൻ |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം-22**

| | | |
|---|---|---|
| പേര് | : | വാസസ്ഥലം |
| മേഖല | : | നിരീക്ഷണം |
| ലക്ഷ്യം | : | വിവിധ ജീവികളുടെ വാസസ്ഥലം എവിടെയെന്ന് മനസിലാക്കുന്നു |
| പ്രവർത്തനം | : | വിവിധ ജീവികളുടെ വാസസ്ഥലത്തിന്റെ വീഡിയോ നിരീക്ഷിച്ച് അവയെ പട്ടികപ്പെടുത്തി എഴുതുന്നു. |
| കാലം | : | ഒരു ദിവസം |
| ചുമതല | : | അധ്യാപകൻ |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം-23**

| | | |
|---|---|---|
| പേര് | : | **കരയിൽ ജീവിക്കുന്നവ-വെള്ളത്തിൽ ജീവിക്കുന്നവ** |
| മേഖല | : | വർഗ്ഗീകരണം |
| ലക്ഷ്യം | : | കരയിലും വെള്ളത്തിലും ധാരാളം ജീവികൾ ജീവിക്കുന്നുണ്ടെന്ന് തിരിച്ചറിയുന്നു. |
| പ്രവർത്തനം | : | കരയിലും വെള്ളത്തിലും ജീവിക്കുന്ന ജീവികളെ പട്ടികപ്പെടുത്തി എഴുതുന്നു |
| കാലം | : | ഒരു ദിവസം |
| ചുമതല | : | അധ്യാപകൻ |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം-24**

| | | |
|---|---|---|
| **പേര്** | : | **ആവാസവ്യവസ്ഥ** |
| മേഖല | : | ഫീൽഡ്ട്രിപ്പ് |
| ലക്ഷ്യം | : | ചെറുതും വലുതുമായ ധാരാളം ജീവികൾ ഒന്നിച്ചുതാമസിക്കുന്നതുകൊണ്ടുള്ള ഗുണം മനസ്സിലാക്കുന്നു |
| പ്രവർത്തനം | : | കാടും കുളവും ഉള്ള സ്ഥലത്തേക്ക് കുട്ടികൾ ഫീൽഡ് ട്രിപ്പ് നടത്തുന്നു. അവിടെ കാണുന്ന എല്ലാ ജീവജാലങ്ങളെയും നിരീക്ഷിക്കുന്നു. അവയുടെ കുറിപ്പ് തയ്യാറാക്കുന്നു. |
| കാലം | : | ഒരു ദിവസം |
| ചുമതല | : | അധ്യാപകൻ |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം-25**

| | | |
|---|---|---|
| **പേര്** | : | **ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും** |
| മേഖല | : | നീരീക്ഷണം |
| ലക്ഷ്യം | : | ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും ഉണ്ടെന്ന് തിരിച്ചറിയുന്നു. |
| പ്രവർത്തനം | : | കുട്ടികൾ തങ്ങളുടെ ചുറ്റുപാടുകൾ നീരിക്ഷിച്ച് ജീവിയഘടകങ്ങളും അജീവിയ ഘടങ്ങളും പട്ടികപ്പെടുത്തി എഴുതുന്നു. |
| കാലം | : | ഒരു ദിവസം |
| ചുമതല | : | അധ്യാപകൻ |

സാമ്പത്തിക വിശകലനം:

**പ്രവർത്തനം-26**

| | | |
|---|---|---|
| പേര് | : | **വനസംരക്ഷണം** |
| മേഖല | : | പോസ്റ്റർ നിർമ്മാണം |
| ലക്ഷ്യം | : | വനങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മറ്റുള്ളവർ എത്തിക്കുക |

പ്രവർത്തനം : കുട്ടികൾ ഗ്രൂപ്പുകളിയി തിരിഞ്ഞ് വനസംരക്ഷണത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന പോസ്റ്റർ നിർമ്മിക്കുന്നു. പ്രദർശിപ്പിക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-27**

**പേര് : ഇക്കോപാർക്ക്**
മേഖല : നിർമ്മാണപ്രവർത്തനം
ലക്ഷ്യം : വിവിധ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന്
പ്രവർത്തനം : നിലവിൽ സ്കൂളിലുള്ള ഇക്കോപാർക്കിനെ കൂടുതൽ മോടിയുള്ളതാകുന്നു.
കാലം : എല്ലാ ദിവസവും ഒഴിവുസമയങ്ങളിൽ
ചുമതല : പി.റ്റി.എ
സാമ്പത്തിക വിശകലനം: ഗ്രാമപഞ്ചായത്ത്

**പ്രവർത്തനം-28**

**പേര് : കേരളത്തിലെ സ്വാതന്ത്ര്യസമരസേനാനികൾ**
മേഖല : പതിപ്പ് തയ്യാറാക്കൽ
ലക്ഷ്യം : കേരളത്തിലെ സ്വാതന്ത്ര്യസമരസേനാനികളെക്കുറിച്ചുള്ള അറിവ് നേടുക.
പ്രവർത്തനം : കുട്ടികൾ കേരളത്തിലെ സ്വാതന്ത്ര്യസമരസേനാനികളുടെ ചിത്രങ്ങളും അവരുടെ ജീവചരിത്രക്കുറിപ്പും ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു.
കാലം : ഒരാഴ്ച
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-29**

**പേര് : കൂടൊരുക്കുന്ന പക്ഷികൾ**
മേഖല : നിരീക്ഷണം
ലക്ഷ്യം : വിവിധതരം പക്ഷികളുടെ കൂടുകളെക്കുറിച്ചും അവയുടെ നിർമാണത്തെക്കുറിച്ചും മനസ്സിലാക്കുന്നു.
പ്രവർത്തനം : വിവിധതരം പക്ഷികളുടെ കൂടുകളെക്കുറിച്ചുള്ള വീഡിയോ കാണുന്നു, അവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-30**

**പേര് : നാടൻകളികൾ**
മേഖല : വിവരശേഖരണം
ലക്ഷ്യം : വവിധങ്ങളായ നാടൻകളികളെക്കുറിച്ച് അറിവ് നേടുക.
പ്രവർത്തനം : പലവിധ നാടൻ കളികളെക്കുറിച്ച് കുട്ടികൾ മുതിർന്നവരോട് ചോദിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-31**

**പേര് : ഓല ഉപയോഗിച്ച് നിർമ്മാണം**
മേഖല : സർഗ്ഗാത്മക വികസനം
ലക്ഷ്യം : നിർമാണവാസനകളെ പരിപോഷിപ്പിക്കൽ
പ്രവർത്തനം : ഓല ഉപയോഗിച്ച് വിവിധതരത്തിലുള്ള കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു
കാലം : ഒരു ദിവസം
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-32**

**പേര് : കലാരൂപങ്ങൾ**
മേഖല : വിവരശേഖരണം
ലക്ഷ്യം : കേരളത്തിലെ വിവിധ കലാരൂപങ്ങളെക്കുറിച്ച് അറിവ് നേടുക.
പ്രവർത്തനം : കേരളത്തിലെ വിവിധ കലാരൂപങ്ങളുടെ വീഡിയോ കാണുന്നു. അവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു.
കാലം : ഒരാഴ്ച
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-33**

**പേര് : ഞാറ്റുപാട്ട്, നാടൻപാട്ട്, വടക്കൻപാട്ട്**
മേഖല : ശേഖരണം
ലക്ഷ്യം : കേരളത്തിന്റെ തനതായ പാട്ടുകൾ കേൾക്കുന്നിനും പാടുന്നതിനും കഴിവ് നേടുന്നു.
പ്രവർത്തനം : ഞാറ്റുപാട്ട്, നാടൻപാട്ട്, വടക്കൻപാട്ട് എന്നിവയുടെ ഓഡിയോ കേൾക്കുന്നു. ഇവ സംഘമായി പാടുന്നു. ശേഖരിച്ച് പതിപ്പാക്കുന്നു.
കാലം : ഒരാഴ്ച
ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം:

**പ്രവർത്തനം-34**

പേര് : ഗ്രഹവും ഉപഗ്രഹവും
മേഖല : നിരീക്ഷണം
ലക്ഷ്യം : സൗരയൂഥത്തെക്കുറിച്ച് അറിവ് നേടുന്നു
പ്രവർത്തനം : സൗരയൂഥത്തിന്റെ വീഡിയോ കുട്ടികൾ കാണുന്നു. സൂര്യൻ, ഗ്രഹ

ങ്ങൾ, ഉപഗ്രഹങ്ങൾ എന്നിവയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖ
രിക്കുന്നു.

കാലം : ഒരാഴ്ച

ചുമതല : അധ്യാപകൻ

സാമ്പത്തിക വിശകലനം :

**പ്രവർത്തനം-35**

**പേര്** : **ആകൃതി ഉള്ളവയും ഇല്ലാത്തവയും**

മേഖല : നിരീക്ഷണം

ലക്ഷ്യം : പദാർത്ഥങ്ങളുടെ വിവിധ അവസ്ഥകൾ മനസിലാക്കുന്നു.

പ്രവർത്തനം : കുട്ടികൾ തങ്ങളുടെ ചുറ്റുമുള്ള വസ്തുക്കളുടെ പേരെഴുതുന്നു. അവയെ ആകൃതി ഉള്ളവ, ഇല്ലാത്തവ എന്നിങ്ങനെ തരം തിരിച്ചെഴുതുന്നു.

കാലം : ഒരു ദിവസം

ചുമതല : അധ്യാപകൻ

സാമ്പത്തിക വിശകലനം :

**പ്രവർത്തനം-36**

**പേര്** : **മാറുന്ന അവസ്ഥ**

മേഖല : പരീക്ഷണം

ലക്ഷ്യം : ഒരു വസ്തുവിന് തന്നെ ഖരം, ദ്രാവകം, വാതകം എന്നീ അവസ്ഥക
ളിൽ സ്ഥിതിചെയ്യാൻ കഴിയുമെന്ന് തിരിച്ചറിയുന്നു

പ്രവർത്തനം : ഒരു പാത്രത്തിൽ വെള്ളമെടുത്ത് നന്നായി തിളപ്പിക്കുന്നു. വെള്ളം ആവിയായി മാറുന്നത് നിരീക്ഷിക്കുന്നു. തുടർന്ന് നീരാവിയുടെ മുക
ളിൽ തണുത്തപാത്രം പിടിക്കുമ്പോൾ നീരാവി വെള്ളമായി മാറുന്ന ഐസ്കട്ട പാത്രത്തിൽ വയ്ക്കുമ്പോൾ ഉരുകി വെള്ളമായി മാറുന്നു

കാലം : ഒരു ദിവസം

ചുമതല : അധ്യാപകൻ

സാമ്പത്തിക വിശകലനം :

**പ്രവർത്തനം-37**

**പേര്** : **വായുവിന്റെ സവിശേഷത-വായുവിന് ഭാരമുണ്ട്**

മേഖല : പരീക്ഷണം

ലക്ഷ്യം : പരീക്ഷണങ്ങളിലൂടെ വായുവിന്റെ പ്രത്യേകതകൾ തിരി
ച്ചറിയുന്നു.

പ്രവർത്തനം : ഒരു വടിയുടെ നടുക്കായി ഒരു നൂല് കെട്ടിയിടുക. അറ്റത്തായി ഒരു പേപ്പ
ഗ്ലാസും മറ്റേ അറ്റത്ത് ഒരു ബലൂണും കെട്ടിയശേഷം ഭാരം തുല്യമാകത
ക്കവിധം ബാലൻസ് ചെയ്യുക. സ്ഥാനത്തിന് മാറ്റം വരാതെ ബലൂണിൽ
വായു നിറച്ച് കെട്ടിയിടുക. ബലൂൺ കെട്ടിയവശം താഴ്ന്നിരിക്കുന്നു. ഇ
ബലൂണിൽ നിറച്ച വായുവിന്റെ ഭാരം മൂലമാണ്.

കാലം : ഒരു ദിവസം

ചുമതല : അധ്യാപകൻ

സാമ്പത്തിക വിശകലനം : എസ്.ആർ.ജി